## പതിനാലാം കേരളനിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1395** **06.02.2020 -ൽ മറുപടിയ്ക്ക്**

### ഭവന നിർമ്മാണ ബോർഡിന്റെ സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഭവന നിർമ്മാണ ബോർഡ് മുഖേന നിലവിൽ ഗുണഭോക്താക്കൾക്ക് നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | (എ) ഭവന നിർമ്മാണ ബോർഡ് മുഖേന നിലവിൽ ഗുണഭോക്താക്കൾക്ക് നൽകി വരുന്ന സേവനങ്ങൾ താഴെപ്പറയുന്നു.<br>1. കുടിശ്ശിക നിവാരണ അദാലത്ത് - എല്ലാ ജില്ലകളിലും ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി വായ്പാ അദാലത്തുകൾ നടത്തി വരുന്നു.<br>2. ഗൃഹശ്രീ ഭവന പദ്ധതി<br>3. എം.എൻ ലക്ഷം വീട് ബമ്പർ ഭാഗ്യക്കുറിയുടെ അറ്റാദായം വിനിയോഗിക്കുന്നതിനുള്ള പദ്ധതി.<br>4. സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടകവീട് പദ്ധതി<br>5. ആശ്വാസ് വാടക വീട് പദ്ധതി<br>6. മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വയനാട്<br>7. സാഫല്യം പദ്ധതി<br>8. കൺസൾട്ടൻസി പ്രവർത്തനങ്ങൾ - സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായി ബോർഡിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുള്ളതും നൽകി വരുന്നതുമായ സേവനങ്ങൾ എന്തെല്ലാമാണ്; | (ബി) കുടിശ്ശിക നിവാരണ അദാലത്ത് - എല്ലാ ജില്ലകളിലും ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി വായ്പാ അദാലത്തുകൾ നടത്തി വരുന്നു. |
| (സി) ഭവന നിർമ്മാണ ബോർഡ് ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനു | (സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിന്റേയും ഭാഗമായി |

| | |
|---|---|
| മായിട്ടുള്ള പുതിയ പദ്ധതികൾ സജീവ പരിഗണനയിലുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ? | ISO Certification നേടിയിട്ടുണ്ട്. ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതികൾ പരിഗണനയിലാണ്. |

Subha S

സെക്ഷൻ ഓഫീസർ